**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും ജനവാസ മേഖല ഉൾപ്പെടെയുള്ള ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണിൽ ഉൾപ്പെടുത്തിയ 2022 ജൂൺ 3-ാം തീയതിയിലെ സുപ്രീം കോടതി വിധി വന്നതിനുശേഷം സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്നതിൽ ജനവാസമേഖലകൾ ഒഴിവാക്കി ലഭിക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുകയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേർന്ന് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (സി)യിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണത്തിനായി കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിനെ (KSREC) ചുമതലപ്പെടുത്തി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ |

കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.
ടി വിഷയത്തിൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്ത് നിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.
ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.
വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.
തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടെയും പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച് പരാതികൾ / നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള പരാതികൾ ജനുവരി 7-നകം

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ് തലത്തിൽ വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567 പരാതികൾക്ക് 31.01.2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻ്ററിൻ്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്.<br><br>ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിധി സംബന്ധിച്ച പുന:പരിശോധന ഹർജി സുപ്രീം കോടതി പരിഗണിച്ച അവസരത്തിൽ ഒരു കിലോമീറ്റർ ജനവാസ മേഖല ബഫർ സോണിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്ത 31.10.2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് സംസ്ഥാനം പുതിയ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | 31-10-2019-ലെ സർക്കാർ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് 10-08-2022-ൽ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2019-ലെ സർക്കാർ ഉത്തരവിന് ശേഷം ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-09-2020-ൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/ അർദ്ധസർക്കാർ / പൊതുമേഖല സ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതിയുടെ WP (C)202/1995 നമ്പർ കേസിലെ IA .1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിക്കൊണ്ടുമാണ് 10-08-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ